# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4540 — 13.11.2019 ലെ മറുപടി

## കോട്ടയം ജില്ലയിൽ പ്രളയക്കെടുതി നിയന്ത്രിക്കുവാൻ അണക്കെട്ടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ ഭാവിയിൽ പ്രളയക്കെടുതി നിയന്ത്രിക്കുവാൻ മണിമല, മീനച്ചിൽ, പമ്പ-അച്ചൻകോവിൽ നദികളിൽ അണക്കെട്ടുകൾ നിർമ്മിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ലെങ്കിലും പ്രളയ നിയന്ത്രണ ഡാമുകളുടെ ആവശ്യകത മുൻനിർത്തിക്കൊണ്ട് വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകളുടെ പര്യവേക്ഷണ പ്രവൃത്തികൾ ധനലഭ്യതക്കനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കോട്ടയം ജില്ലയിലെ മണിമല, മീനച്ചിൽ എന്നീ നദികൾ ഉൾപ്പെട്ട 5 നദികളിലാണ് വെള്ളപ്പൊക്ക നിയന്ത്രണ ഡാമുകളുടെ പര്യവേക്ഷണ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. |
| (ബി) | മീനച്ചിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മീനച്ചിൽ നദീതട പദ്ധതിയിൽ അരുണാപുരത്ത് മീനച്ചിൽ ആറിനകുറുകെ ഒരു റഗുലേറ്റർ കം ബ്രിഡ്ജും, ചെമിലാവ്, പള്ളിക്കുന്ന് പാറപ്പുഴ, ചില്ലച്ചി കറ്റനാൽക്കടവ്, ചേരിപ്പാട് എന്നിവിടങ്ങളിൽ ചെക്ക് ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവയ്ക്ക് അടങ്കൽ തുക 62.34 കോടി രൂപയാണ്. കൂടാതെ പഴുക്കാനം, അടുക്കം എന്നീ ഡാമുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഇതുമൂലം മീനച്ചിൽ, മണിമല എന്നീ പുഴകളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും പാലാ, കോട്ടയം എന്നീ ടൗണുകളിലെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും സഹായകമാകും. ഈ പദ്ധതികളെല്ലാം 2018 പ്രളയത്തിനു മുമ്പ് വിഭാവന ചെയ്തതാണ്. |

| | | | |
|---|---|---|---|
| (സി) | മണിമല പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ശാസ്ത്രീയ പഠനം നടത്തി ഈ പദ്ധതി പ്രായോഗികമാണോ എന്ന് വിലയിരുത്തേണ്ടതുണ്ട്. |
| (ഡി) | പമ്പാവാലി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പമ്പ ജലസേചന പദ്ധതിയിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി പമ്പാനദിയുടെ ഇരുകരകളിലുമായി 21135 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗവി, കുള്ളാർ, മീനാർ - 1, മീനാർ - 2, കൊച്ചുപമ്പ, ആനത്തോട് എന്നീ ഡാമുകൾ ഉൾപ്പെടുന്ന ശബരിഗിരി ജലവൈദ്യുത പദ്ധതിയിൽ നിന്ന് വൈദ്യുതോല്പാദനത്തിന് ശേഷം പുറന്തള്ളുന്ന ജലം മൂഴിയാർ, കക്കാട് എന്നീ കെ.എസ്.ഇ.ബി ജലവൈദ്യുത പദ്ധതിയിലൂടെയും അള്ളുങ്കൽ, കാരിക്കയം എന്നീ ചെറുകിട സ്വകാര്യ പദ്ധതികളിലൂടെയും പുനരുപയോഗിച്ചതിനുശേഷം കക്കാട് ആറ്റിൽ മണിയാർ തടയണയിൽ സംഭരിക്കപ്പെട്ട് ജലസേചനത്തിനായി ഉപയുക്തമാക്കുന്ന പദ്ധതിയാണ് പമ്പാ ജലസേചന പദ്ധതി (പി.ഐ.പി). |

**സെക്ഷൻ ഓഫീസർ**